# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റ® ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പ® : കെ.എസ്.എ.ടി.എസ്.ആർ (പി14)
1650/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/12/2024
ഇ-മെയി® :
dotsr.ksad@kerala.gov.in
ഫോ® : 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കൂർ ഗ്രാമപഞ്ചായത്ത്

സ® ,

**വിഷയം : തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥക® പ്രകാരം തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ®ഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോ®ട്ട് 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടം 23(1)® നി®ദ്ദേശിക്കുന്ന പ്രകാരമുള്ള ഇട® നടപടിക®ക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോ®ട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോ®ട്ട് കൈപ്പറ്റിയാലുട® ഇതി® പരാമ®ശിക്കുന്ന ക്രമക്കേടുക®ക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പക®പ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോ®ട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ®ട്ട് വിശദമായി ച®ച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോ®ട്ടിന്റെയും അതിന്മേ® എടുത്ത തീരുമാനത്തിന്റെയും പക®പ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോ®ട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതി® ഉ®പ്പെടുന്ന ഓഡിറ്റ് പരാമ®ശങ്ങ®/തടസ്സങ്ങ® ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോ®ട്ട് പ്രസ്തുത കാലയളവിനുള്ളി® ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം സെക്ഷ® 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പക®പ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂ® .

3) കാര്യാലയ പകർപ്പ്.

നമ്പർ : കെ.എസ്.എ.ടി.എസ്.ആർ (പി14) തീയ്യതി: 20/12/2024
1650/2024

## തൃശ്ശൂർ ജില്ലയിലെ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2023 മുതൽ 17-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽ മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2024 | 30-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2024 | 30-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സബിത എസ്, ഓഡിറ്റ് ഓഫീസർ
ഹണി കെ. എസ്., ഓഡിറ്റ് ഓഫീസർ
ഹാരിഷ് വി. എ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സിജോ തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷിജു (സൈമൺ നമ്പാടൻ) | പ്രസിഡന്റ് | 01-04-2023 | 26-10-2023 |
| ഹേമലത സുകുമാരൻ | പ്രസിഡന്റ് | 27-10-2023 | 12-11-2023 |
| സുന്ദരി മോഹൻദാസ് | പ്രസിഡന്റ് | 13-11-2023 | 31-03-2024 |
| ദിനേഷ് എം. കെ | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സരിത കെ. എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 23-07-2024 |
| അഞ്ജലി പി. കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 24-07-2023 | 31-03-2024 |
| കവിത പി. ആർ | അഗ്രികൾച്ചർ ഓഫീസർ | 01-04-2023 | 10-05-2023 |
| ദീപ ജോണി | അഗ്രികൾച്ചർ ഓഫീസർ | 11-05-2023 | 31-03-2024 |
| ഡോ. അനുപമ വിജയൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ. ഗിരീഷ് കൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ. അരുൺ പി റാഫേൽ | വെറ്ററിനറി സർജൻ | 01-04-2023 | 13-07-2023 |
| ഡോ. രഘു സി. ബി | വെറ്ററിനറി സർജൻ | 14-07-2023 | 02-10-2023 |
| ഡോ. സുനിത തോമസ് | വെറ്ററിനറി സർജൻ | 03-10-2023 | 31-03-2024 |
| ആൻസി ജോസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ദീപക് കെ. കെ | വി.ഇ.ഒ ഗ്രേഡ് 1 (കല്ലൂർ സർക്കിൾ) | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| നിഷ പി. പി | വി.ഇ.ഒ ഗ്രേഡ് 2 (തൃക്കൂർ സർക്കിൾ) | 01-04-2023 | 31-03-2024 |
| കീർത്തി സി. എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ജിബിന എം. എം | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2023 | 31-03-2024 |
| ജെസീമ എൽ | ഹെഡ്മിസ്ട്രസ് (ജി.എൽ.പി.എസ്, തൃക്കൂർ) | 01-04-2023 | 31-03-2024 |
| മനോജ്കുമാർ പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-05-2023 |
| ബിന്ദു എം. എസ് | ഹെഡ് ക്ലർക്ക് (അസിസ്റ്റന്റ് സെക്രട്ടറി I/C)) | 01-06-2023 | 03-07-2023 |
| സന്തോഷ്കുമാർ എം. എസ് | അസിസ്റ്റന്റ് സെക്രട്ടറി | 04-07-2023 | 03-09-2023 |
| ഷാബു കെ. ജെ | അസിസ്റ്റന്റ് സെക്രട്ടറി | 04-09-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വസ്തുനികുതി മുൻക്കൂർ തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു | 1-1-3 |
| 5 | അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല | 1-1-4 |
| 6 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-5 |
| 7 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ-ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ഡിപ്രീസിയേഷൻ - വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല | 1-1-8 |
| 10 | നഗര സഞ്ചയ പദ്ധതിയുടെ വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | റവന്യൂ ചെലവുകൾ മൂലധന ചെലവുകളായി ബുക്ക ചെയ്തു | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ഫണ്ട് വിനിയോഗം | 1-3 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | ക്ഷേമപെൻഷനുകൾ | 1-6 |
| 17 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 19 | തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകങ്ങൾ | 1-9 |
| 20 | അൺ എയ്ഡഡ് സ്കൂളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-10 |
| 21 | സർക്കാർ ഉത്തരവിനനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 1-11 |
| 22 | സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-12 |
| 23 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ് | 1-13 |
| 24 | അനധികൃത കെട്ടിടങ്ങളിൽ ധ്യാനകേന്ദ്രം പ്രവർത്തിക്കുന്നു | 1-14 |
| 25 | വാർഷിക കണക്കിൽ രേഖപ്പെടുത്തിയ പദ്ധതി ചെലവുകൾ സുലേഖ ചെലവ് പത്രികയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ഉൾപ്പെട്ടിട്ടില്ല | 1-15 |

| | | |
|---|---|---|
| 26 | ഹെൽത്ത് ഗ്രാന്റ് ചെലവ് സൂലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-16 |
| 27 | കന്നുകുട്ടി പരിപാലന പദ്ധതി- കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-17 |
| 28 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി)- തുടർനടപടി അറിയിക്കേണ്ടതാണ് | 1-18 |
| 29 | കൈപ്പറ്റ് രസീത്, വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടില്ല | 1-19 |
| 30 | ഡെപ്പോസിറ്റ് പ്രവൃത്തികൾ -- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-20 |
| 31 | തുക പൂർണ്ണമായി നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല | 1-21 |
| 32 | തുക മുൻകൂറായി നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല | 1-22 |
| 33 | തെരുവുവിളക്ക് അറ്റകുറ്റപ്പണി -- അടിസ്ഥാനരേഖകൾ സൂക്ഷിക്കുന്നില്ല | 1-23 |
| 34 | കുടിവെള്ള വിതരണം -- അനുമതി ലഭ്യമാക്കിയിട്ടില്ല | 1-24 |
| 35 | ജീവനക്കാരുടെ നിയമനം -- അപാകതകൾ | 1-25 |
| 36 | പാലിയേറ്റീവ് കെയർ ആംബുലൻസ് - അപാകതകൾ | 1-26 |
| 37 | ആദായനികുതി സ്രോതസിൽ കിഴിവ് ചെയ്തിട്ടില്ല | 1-27 |
| 38 | കുടുംബശ്രീ ജനകീയ ഹോട്ടലിന്റെ വാടക, കറന്റ് ബിൽ എന്നിവയുടെ തുക നൽകൽ | 1-28 |
| 39 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ - അപാകങ്ങൾ | 1-29 |
| 40 | വയോജനങ്ങൾക്ക് കട്ടിൽ - പ്രൈസ് ലിസ്റ്റിലുൾപ്പെടാത്തയിനം ARTCO-യിൽ നിന്നും നേരിട്ട് വാങ്ങി | 1-30 |
| 41 | വെതർ സ്റ്റേഷൻ തുടർ നടപടികൾ - സംബന്ധിച്ച് | 1-31 |
| 42 | കാലാവസ്ഥ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി സംബന്ധിച്ച് | 1-32 |
| 43 | മാലിന്യ സംസ്കരണം -ഹരിത കർമ്മസേനയിലൂടെ അവലോകനം | 1-33 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ഓഡിറ്റ് വർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-1 |
| 2 | സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ഓഡിറ്റ് വർഷത്തിൽ മുൻകൂർ നൽകിയതിൽ ഇനിയും ചെലവഴിക്കാതെ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20.07.2024 തീയതിയിലെ 1/1 നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 20.07.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 20.12.2024**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)}.

### 1-1-2 വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS-ലെ

ഫിനാൻസ് മൊഡ്യൂൾ"-ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നി ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS-ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി അറിയിക്കേണ്ടതാണ്.

വിശദാംശങ്ങൾ

I) വസ്തുനികുതി കുടിശ്ശിക- റസിഡൻഷ്യൽ -വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 50267 | 7751 | 42522 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *44586<br>*31.03.2023 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(8090+38726= 46816/105x100) | 7751<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 42588**<br>**(31.03.2024 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (44718/105X100) |

ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

Ii) വസ്തുനികുതി കുടിശ്ശിക-നോൺ റെസിഡൻഷ്യൽ-വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 89404 | 9976 | 79428 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 86492<br>(31.03.2023 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(25624+65193 =90817/105x100) | 9976<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 79440**<br>**(83412/105X100) =(31.03.2024 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

## 1-1-3 വസ്തുനികുതി മുൻകൂർ തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു

42301513/31.03.2024 എന്ന ജേണൽ വൗച്ചർ പ്രകാരം വസ്തുനികുതി-റെസിഡൻഷ്യൽ & നോൺ-റെസിഡൻഷ്യൽ അഡ്വാൻസ് കളക്ഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ടി ജേണൽ വൗച്ചർ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ഇടപാട് വിശദീകരിക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| Code | Head | Dr. | Cr. |
|---|---|---|---|
| 350410101 | Advance Collection Of Revenues-Property Tax On Residential Buildings | | 13101 |
| 350410104 | Advance Collection Of Revenues-Property Tax On Non-Residential Buildings | | 13101 |
| | | | |

| | | | |
|---|---|---|---|
| 431910101 | State Govt.Cesses/ Levies In Property Taxes-Control Account | 26202 | |

## 1-1-4 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

01.04.2023 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2023-24ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)}. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.

2023-24 വർഷത്തിൽ തൃക്കൂർ ഗ്രാമപഞ്ചായത്തിൽ 213 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2023-24 ലെ "110100101-Property Tax On Residential Buiding" എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31.03.2024 തീയതിയിലെ യഥാക്രമം 42301503, 42301505 എന്നീ നമ്പർ വൗച്ചറുകളിലൂടെ ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-5 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-6 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും

നിക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9930402 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 632748 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-7 ആസ്തി രജിസ്റ്റർ-ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-1-8 ഡിപ്രീസിയേഷൻ - വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല

2023-24 വർഷത്തെ Income And Expenditure പത്രിക പ്രകാരം 15249056 രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട് (ഷെഡ്യൂൾ I-17(A)). എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

### 1-1-9 നഗര സഞ്ചയ പദ്ധതിയുടെ വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നഗരസഞ്ചയ പദ്ധതിയുടെ ഭാഗമായുള്ള ആറ്റൂർ കുളം സംരക്ഷണം (പ്രോജക്ട് നമ്പർ 228/24), അയ്യങ്കോട് കുളം നവീകരണം (പ്രോജക്ട് നമ്പർ 229/24) എന്നീ പ്രൊജക്ടുകളുടെ നടത്തിപ്പിനായി അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 520101062683922, യൂണിയൻ ബാങ്ക്, പാലക്കപ്പറമ്പ്) യഥാക്രമം ₹15,51,859, ₹35,60,546ഉം വരവ് വന്നിട്ടുള്ളതാണ്. ഈ തുക 2023-24 വർഷം ചെലവഴിച്ചിട്ടുമുണ്ട്. നഗരസഞ്ചയ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിനു ലഭിച്ച തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വന്ന് ടി അക്കൗണ്ടിൽ നിന്നു തന്നെ ചെലവാക്കുകയും ചെയ്തു. വരവു ചെലവുകൾ പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

### 1-1-10 റവന്യൂ ചെലവുകൾ മൂലധന ചെലവുകളായി ബുക്ക ചെയ്തു

താഴെപ്പറയുന്ന റവന്യൂ ചെലവ് മൂലധന ചെലവായാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്

| പ്രൊജക്ടിന്റെ പേരും നമ്പറും | ചെലവ് തുക (ഫണ്ടിനം ) | വൗച്ചർ നമ്പർ / തീയതി | ചെലവ് രേഖപ്പെടുത്തിയിട്ടുള്ള ബാലൻസ് ഷീറ്റിലെ ശീർഷകം, കോഡ് |
|---|---|---|---|
| മരുന്ന് വാങ്ങൽ (43/24) | 13000 (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) | 42301182/ 15.09.2023 | ബി-11 (ഡി) -414110010 |

### 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 25.3.2023 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് 224329119 | ചെലവ് 214352817 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തിയതി കമ്മിറ്റി തീരുമാനം റിവൈസ്ഡ് ബജറ്റ് | 23.03.2024 | |
| കമ്മിറ്റി തീരുമാനം | 1(B) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് 252645925 | ചെലവ് 247913361 |

ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിവരങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

1) 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 അനുസരിച്ച് സർക്കാർ അതാത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 വകുപ്പ് അനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എത്തിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി പതിനഞ്ചാം തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാർഡിങ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ആണ്. ഈ നടപടി സ്വീകരിച്ചതിന്റെ വിവരങ്ങൾ

2) ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാർഡിങ് കമ്മിറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ

3) 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റ് ആണ് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനോടൊപ്പം താഴെ നിർദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

എ) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്
ബി) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്
സി) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്
ഡി) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്
ഇ) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്
എഫ്) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്
ജി) ഡെപ്പോസിറ്റുകളും റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്
എച്ച്) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ് എന്നീ പത്രികകളും

4) ബജറ്റ് പാസാക്കി കഴിഞ്ഞാൽ ഉടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214(7) വകുപ്പ് അനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടുണ്ടോയെന്നുള്ള വിവരങ്ങളോ വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി ബജറ്റ് ഫയലോ, മറ്റ് അനുബന്ധരേഖകളോ ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി – 11/26.11.24
നിയമനിഷ്കർഷകൾ പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക* |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. വികസന ഫണ്ട് (ജനറൽ) | 0 | 19428000 | 19428000 | 17393739 | 2034261* |
| 2. വികസന ഫണ്ട് (എസ്.സി.പി) | 0 | 5654000 | 5654000 | 5477531 | 176469* |
| 3. മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 12784000 | 12784000 | 9596876 | 3187124* |
| 4. മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 0 | 4319400 | 4319400 | 3589927 | 729473* |
| 5. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1207106 | 2413000 | 3620106 | 1802361 | 1817745 |
| 6. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 683889 | 3258302 | 3942191 | 2299763 | 1642428 |
| 7. ദുരിതാശ്വാസനിധി | 7741 | 214 | 7955 | 0 | 7955 |
| 8. ശുചിത്വ മിഷൻ | 1167566 | 0 | 1167566 | 206500 | 961066 |
| 9. ICDS Centre Share | 421259 | 900324 | 1321583 | 687162 | 634421 |
| 10. Swach Bharat Abhiyan (R & U) | 1333975 | 228000 | 1561975 | 228000 | 1333975 |
| 11. PYCKA | 4000 | 0 | 4000 | 0 | 4000 |
| 12. Nirmal Puraskar | 402820 | 0 | 402820 | 0 | 402820 |
| 13. Health Grant Scheme 1 | 0 | 2805500 | 2805500 | 0 | 2805500 |
| 14. Health Grant Scheme 3 | 135468 | 971338 | 1106806 | 284204 | 822602 |
| 15. Health Grant Scheme 4 | 30459 | 404569 | 435028 | 130321 | 304707 |
| 16. Contribution For Joint Venture Projects (For Revenue Expenditure)-BlockPanchayats | 178756 | 0 | 178756 | 0 | 178756 |
| 17. Contribution For Joint Venture Projects (For Capital Expenditure)-BlockPanchayats | 100000 | 0 | 100000 | 0 | 100000 |
| 18. Contribution For Joint Venture Projects (For | 140000 | 0 | 140000 | 0 | 140000 |

| | | | | | |
|---|---|---|---|---|---|
| Revenue Expenditure)-DistrictPanchayats | | | | | |
| 19. Contribution For Joint Venture Projects (For Capital Expenditure)-DistrictPanchayats | 1300000 | 0 | 1300000 | 0 | 1300000 |

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നതാണ്. ഉറവിടത്തിൽ നിന്നും കറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്. വാർഷിക കണക്കിലേയും ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/സ്ഥാപനത്തിന്റെ പദ്ധതി ചെലവുകൾ രേഖപ്പെടുത്തുന്ന സുലേഖ ചെലവ് പത്രിക എന്നിവയിലെയും ചെലവുകൾ തമ്മിൽ വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി), Health Grant Scheme 3 എന്നിവയുടെ കാര്യത്തിൽ പൊരുത്തക്കേടുകൾ കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ 1-15, 1-16 എന്നീ ഖണ്ഡികകളിൽ പ്രത്യേകം പരാമർശങ്ങളായി ഉൾപ്പെടുത്തുന്നു.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിതുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 263 | 154168968 | 159 | 65184729 | 42.28% | 60.45% |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1875778 | 1875778 | 1875778 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25990555 | 25990555 | 25990555 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 4105141 | 4105141 | 4105141 | 0 |
| ആകെ | 0 | 31971474 | 31971474 | 31971474 | 0 |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 1440 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 4866800 | 403 |
| വിധവാ പെൻഷൻ | 13097900 | 1239 |
| വാർദ്ധക്യകാല പെൻഷൻ | 27849000 | 2859 |
| വികലാംഗപെൻഷൻ | 4036600 | 354 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ | 1193600 | 109 |

| | | |
|---|---|---|
| സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്ക® ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാല® സ് പരിശോധന 27.11.2024 തിയതിയി® 3:00 PM ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തി® നടത്തുകയുണ്ടായി. പരിശോധനയി® ഡേ ബുക്ക് പ്രകാരമുള്ള 8369 രൂപ ക്യാഷ് ബാല® സ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

I. കരാറുകാരി® നിന്നും തൊഴി® നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അ® ദ്ധവ® ഷത്തി® ആകെ 60 ദിവസത്തി® കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏ® പ്പെട്ടിരിക്കുന്നതോ അല്ലെങ്കി® ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുത® മുടക്കുകളി® നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴി® നികുതി നല്കുവാ® ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

എന്നാ® ലോക്ക® ഇ® ഫ്രാസ്ട്രക്ച്ച® ഡിപ്പാ® ട്ട്മെന്റ് & എഞ്ചിനീയറിംഗ് വിംഗി® നിന്നും ലഭ്യമായ രേഖക® പ്രകാരം പഞ്ചായത്ത് പരിധിയി® 2023-24 സാമ്പത്തികവ® ഷത്തി® വിവിധ പ്രവൃത്തിക® ഏറ്റെടുത്തു നടത്തിയ ചുവടെ പറയുന്ന കരാറുകാരി® നിന്നും തൊഴി® നികുതി ഈടാക്കിയിട്ടില്ല. ആയതിനാ® ടി കരാറുകാരി® നിന്നും തൊഴി® നികുതി ഈടാക്കുകയോ അഥവാ ഇവ® മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളി® തൊഴി® നികുതി അടവാക്കുകയോ ചെയ്തിട്ടുണ്ടെങ്കി® ആയതിന്റെ രശീതി ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത കരാറുകാരി® നിന്നും തൊഴി® നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1. സാബു ഒ. കെ.
2. ജോസ് എം. വി.
3. ബി® സ® ജോസഫ്
4. നിജോ കെ. വി.
5. ജയ® വി. ടി.
6. പ്രസാദ് പി. എസ്.
7. സുജിത് സുരേന്ദ്ര®
8. മനോജ് റാഫേ® കെ.
9. ഹരികൃഷ്ണ®
10. ഷാജ® കെ. പി.
11. പോ® കെ. പി.
12. ജോബി® പോ® പി.
13. അഭിലാഷ് എ® . വി.

II. ജീവനക്കാരിൽ നിന്നും കൃത്യമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനത്തിലെ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്തുത ജീവനക്കാരിൽ നിന്നും ശമ്പളത്തിനനുസൃതമായ തൊഴിൽ നികുതിയല്ല ഈടാക്കിയിരിക്കുന്നത്. ആയതിനാൽ പ്രസ്തുത ജീവനക്കാരിൽ നിന്നും ഈടാക്കാനാവശേഷിക്കുന്ന തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | അർദ്ധ വർഷം | ജീവനക്കാരന്റെ പേര് | 6 മാസത്തെ ശമ്പളം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് തുക |
|---|---|---|---|---|---|---|---|
| GAD കല്ലൂർ | 2023-24 | I | രമണി പി. എൻ. | 103362 (17227*6) | 750 | 1000 | 250 |
| സെന്റ്.റാഫേൽസ് പബ്ലിക് സ്കൂൾ | 2023-24 | I | രജനി | 46500 | 300 | 450 | 150 |
| | 2023-24 | II | | 46500 | 300 | 450 | 150 |
| ആകെ | | | | | | | 550 |

III. 2023-24 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും സ്ഥാപനങ്ങൾ FTEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ഒന്നിൽ കൂടുതൽ ജീവനക്കാരുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | ശ്രീലക്ഷ്മി ഉണ്ണിസഞ്ചി നിർമ്മാണ യൂണിറ്റ് | 3/51B | 4 |
| 2. | നെല്ലിശ്ശേരി & കമ്പനി | 5/260 | 3 |
| 3. | ഫ്രഷ്ഫുഡർ & സ്റ്റീൽ ഇൻഡസ്ട്രി | 1/143 | 4 |
| 4. | കെ.ആർ എഞ്ചിനീയറിംഗ് വർക്സ് | 5/228 | 4 |
| 5. | സമൃദ്ധി എന്റർപ്രൈസസ് | 12/62,63 | 17 |
| 6. | കെ.സി എന്റർപ്രൈസസ് കോനിക്കര | 4/156 | 18 |
| 7. | ഹൈജിയ മെഡ് ലബോറട്ടറീസ് | 9/75G1 | 2 |
| 8. | ന്യൂ കൈരളി മാർജിൻ ഫ്രീമാർട്ട് കോനിക്കര | 2/5 E.C | 5 |
| 9. | വി മാർക്കറ്റിങ് തൃശ്ശൂർ | 2/449 | 4 |
| 10. | ന്യൂസ്റ്റയിൽ അലുമിനിയം ഫാബ്രിക്കേഷൻ | 1/376A | 4 |
| 11. | ജോയ്സ് ഫുഡ് തൃശ്ശൂർ | 6/89A | 4 |
| 12. | ബാലാജി ടൈൽസ് & ട്രേഡേഴ്സ് | 6/267B | 7 |
| 13. | പോളിവർ ട്രേഡേഴ്സ് | 2/8 | 6 |
| 14. | സെന്റ്.റാഫേൽ സൂപ്പർമാർക്കറ്റ് | 13/381A | 3 |
| 15. | അന്ന വുഡ് | 3/234 | 6 |

തൊഴിൽ നികുതി എന്നത് പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനതുവരുമാനമാണ് എന്നതിനാൽ മേൽ പറഞ്ഞ സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകി ജീവനക്കാർ തൊഴിൽ നികുതി നിർണ്ണയ സ്ലാബിൽ

ഉൾപ്പെടുന്നാണെങ്കിൽ നിയമാനുസൃത തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.16/28.11.2024)

## 1-10 അൺ എയ്ഡഡ് സ്കൂളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല

2023 ലെ 18-ാം ആക്ട് (28.03.2023 ലെ നമ്പർ 15(2)/ലെജി.എ2/2023/നിയമം) പ്രകാരം 01.04.2023 തീയതി പ്രാബല്യത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207 (1) ബിഎ ഒഴിവാക്കിയതിനാൽ "സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും" നൽകിയിരുന്ന വസ്തുനികുതി ഇളവ് എടുത്തു കളഞ്ഞിട്ടുള്ളതാണ്. നിലവിൽ സർക്കാർ ധനസഹായത്തോടു കൂടി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമാണ് വസ്തുനികുതി, ഉപനികുതി ഇളവുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും മേൽ പറഞ്ഞ ഭേദഗതി പ്രകാരം 01.04.2023 തീയതി മുതൽ വസ്തുനികുതി ഈടാക്കിയിട്ടില്ല.

| വാർഡ് നമ്പർ / കെട്ടിട നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം സഞ്ചയ ഡാറ്റാ ബേസ് പ്രകാരം (ച.മീ.) |
|---|---|---|
| 13/362A | സെന്റ്. റാഫേൽ പബ്ലിക് സ്കൂൾ , കല്ലൂർ | 2161.38 |

മേൽ സ്ഥാപനത്തിൽ നിന്നും വസ്തുനികുതി ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/28.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ സ്ഥാപനത്തിൽ നിന്നും 01.04.2023 തീയതി മുതലുള്ള വസ്തുനികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-11 സർക്കാർ ഉത്തരവിനനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അച്ചടി)നം.80/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത ഇക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. പ്രസ്തുത ഭേദഗതി പ്രകാരം ഉല്പാദന മേഖലയിൽ 25 ലക്ഷം രൂപയിലും, സേവന മേഖലയിൽ 10 ലക്ഷം രൂപയിലും കവിയാത്തതുമായ സ്ഥാപനങ്ങളെ മൈക്രോ എന്റർപ്രൈസസ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി ഈടാക്കാവുന്ന പരമാവധി വാർഷിക ലൈസൻസ് ഫീസ് 500 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മിനി, സ്മോൾ, മീഡിയം, ലാർജ് എന്റർപ്രൈസസ് ആയി തരംതിരിച്ച് ആയവയ്ക്ക് ഈടാക്കുന്ന പരമാവധി ലൈസൻസ് ഫീ യഥാക്രമം 1000, 5000, 10000, 15000 എന്ന നിരക്കിൽ നിശ്ചയിച്ചിട്ടുണ്ട്.
എന്നാൽ 2023-24 വർഷത്തെ ഓഡിറ്റിനായി ലഭ്യമാക്കിയ FTEOS ലൈസൻസ് രജിസ്റ്ററും, ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മേൽ ഉത്തരവ് പ്രകാരമല്ല ലൈസൻസ് ഫീ നിർണ്ണയിച്ചിരിക്കുന്നത് എന്ന് കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | മേഖല | പൊല്യൂഷൻ കൺട്രോൾ ബോർഡ് കൺസന്റ് നമ്പർ | PCB കൺസന്റ് പ്രകാരമുള്ള സ്ഥാപനത്തിന്റെ മൂലധന | നിലവിൽ ഈടാക്കുന്ന ലൈസൻസ് ഫീ | പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | നിക്ഷേപം | | |
| 1. | തട്ടിൽ ഗ്രാനൈറ്റ്സ് (ക്രഷർ യൂണിറ്റ്) - 4/156 | ഉൽ പാദന മേഖല | PCB/HO/TSR/ ICO-R/08/2015 തീ.30.09.2015 & PCB/DO/TSR/ R2/8019/2018 തീ.15/06/2018 | 13174360/- | 2000 | 5000 (സ്മോൾ എന്റർ പ്രൈസസ്) |
| 2. | തട്ടിൽ ഗ്രാനൈറ്റ്സ് (ക്വാറി) | ഉൽ പാദന മേഖല | PCB/RO-EKM/TSR/ R14TR1258741/2023 തീ.27.03.2023 | 170000000 | 2000 | 15000 (ലാർ ജ് എന്റർ പ്രൈസസ്) |

സർ ക്കാർ ഉത്തരവിനനുസൃതമായി സ്ഥാപനങ്ങളെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് ഓരോ സ്ലാബിനും വേണ്ട ലൈസൻ സ് ഫീസ് നിരക്ക് നിശ്ചയിക്കേണ്ടതും ആയതിനനുസൃതമായി ക്രമ നം. 1 & 2 ഉൾ പ്പെടെയുള്ള പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻ സ് ഫീസ് ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.17/28.11.2024)

## 1-12 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തികവർഷം ആകെ 501 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന ഫീൽഡ് പരിശോധന നടത്തി 98% ഡാറ്റാ സർവ്വേ പൂർത്തിയാക്കി ഹരിതമിത്രം ക്യൂ.ആർ കോഡ് പതിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | എണ്ണം |
|---|---|---|
| 1 | കച്ചവട സ്ഥാപനങ്ങൾ | 697 |
| 2 | ഓഡിറ്റോറിയം | 5 |
| 3 | ലോഡ്ജ് /ഹോസ്റ്റൽ | 2 |
| 4 | ഹോട്ടൽ/ഫുഡ് കോർട്ട് | 21 |
| 5 | സലൂൺ / സ്പാ | 19 |
| 6 | ഹെൽത്ത്കെയർ ഇൻസ്റ്റിറ്റ്യൂഷൻസ് | 20 |
| 7 | മാർ ക്കറ്റ് | 2 |
| 8 | പൗൾ ട്രി/അറവുശാല/ഫിഷ് സ്റ്റാൾ | 7 |
| | ആകെ | 763 |

ഗ്രാമപഞ്ചായത്തിലെ ഹരിതമിത്രം ആപ്ലിക്കേഷനിൽ നിന്നും ലഭ്യമായത് പ്രകാരം കച്ചവട സ്ഥാപനങ്ങൾ മാത്രം 697 എണ്ണത്തോളം പ്രവർത്തിക്കുന്നുണ്ടെങ്കിലും ആകെ 501 സ്ഥാപനങ്ങൾക്ക മാത്രമേ പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ളൂ. പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ

പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2023-24 സാമ്പത്തിക വർഷം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/28.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിലെ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രേഖകൾ സഹിതം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/28.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-14 അനധികൃത കെട്ടിടങ്ങളിൽ ധ്യാനകേന്ദ്രം പ്രവർത്തിക്കുന്നു

ഫയൽ നം.1855 പരിശോധിച്ചതിൽ തൃക്കൂർ പഞ്ചായത്ത് പരിധിയിൽ നെന്മണിക്കര ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ മുകുന്ദപുരം താലൂക്ക് തൃക്കൂർ വില്ലേജ് സർവ്വേ നമ്പർ 106, 107, 108, 478, 495, 502, 500/3, 496, 480, 485, 491, 494, 490, 492, 493, 488/1, 486, 487, 472, 567/2, 488/2, 500/1, 489, 481, 482, 484, 522/1, 568/1, 567/1 എന്നിവയിൽ ജറുസലേം ധ്യാനകേന്ദ്രം പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ജറുസലേം ധ്യാനകേന്ദ്രം തലോർ എന്ന സ്ഥാപനത്തിന് കെട്ടിട നമ്പർ ഇല്ല. പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃതമായി കെട്ടിടങ്ങൾ പണിതതുമായി ബന്ധപ്പെട്ട് 25.04.2018 ലെ ബി4-2998/18 & 17.02.2017 ലെ 827/17 നമ്പർ അപേക്ഷകൾ കെട്ടിട ഉടമ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ കെട്ടിടത്തിന്റെ പെർമിറ്റ്/ ക്രമവൽക്കരണ അപേക്ഷകൾ ഇല്ലാത്തതിനാലും, കൈവശാവകാശ സർട്ടിഫിക്കറ്റ്, നികുതി രശീതി, അനുബന്ധ രേഖകൾ ഹാജരാക്കാത്തതിനാലും, ലഭ്യമാക്കിയ പ്ലാനിലെ കെട്ടിടങ്ങൾ 2011 ലെ കെ.പി.ബി.ആർ ചട്ടങ്ങൾ പാലിക്കാത്തതിനാലും അപേക്ഷ പരിഗണിച്ചിട്ടില്ല (സെക്രട്ടറിയുടെ 15.05.2018 ലെ എ2-827/2017 നമ്പർ കത്ത്). ഇടർന്ന് ഉടമ ഹാജരാക്കിയ രേഖകൾ പ്രകാരം 27 കെട്ടിടങ്ങളും (**11748.13 M2**), പണി നടന്നുകൊണ്ടിരിക്കുന്ന 7 നില കെട്ടിടവുമാണ് (താഴത്തെ നില-ആരാധന ഹാൾ (**867.96 M2**), ശേഷിക്കുന്നവ - താമസ ആവശ്യത്തിനും (**3180.40m2**)) ക്രമവൽക്കരിക്കേണ്ടതായിട്ടുള്ളത്. എന്നാൽ ആയതിനായി ഹാജരാക്കിയ തൃക്കൂർ വില്ലേജിൽ നിന്നുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം മേൽ പറഞ്ഞ സർവ്വേ നമ്പറിലുള്ള ഭൂമി തണ്ണീർ തടത്തിൽ (നിലം) ഉൾപ്പെട്ടിട്ടുള്ളതാണ്. തൃശ്ശൂർ ജില്ലാ കളക്ടറുടെ 30.11.2002ലെ B1-44717/02/സി.ഡിസ് നമ്പർ ഉത്തരവ് പ്രകാരം ധ്യാനകേന്ദ്രത്തിന് 6.0232 ഹെക്ടർ നിലം നികത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് ഫയലിലെ കത്തുകളിൽ പറയുന്നുണ്ടെങ്കിലും പ്രസ്തുത ഉത്തരവ് ഫയലിൽ ലഭ്യമല്ല.

തൃശ്ശൂർ ജില്ലാ കളക്ടറുടെ 16.12.2018 ലെ സി8-10774/2017 നമ്പർ നടപടിക്രമം പ്രകാരം പണി പൂർത്തിയാക്കിയ 27 കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനും, നിർമ്മാണത്തിലിരിക്കുന്ന 7 നില കെട്ടിടം പൂർത്തീകരിക്കുന്നതിനും പ്രസ്തുത സ്ഥലത്ത് മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ പാടില്ലായെന്നും, കെട്ടിടങ്ങളുടെ ക്രമവൽക്കരണവും പൂർത്തീകരണവും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ , മലിനീകരണ നിയന്ത്രണ ചട്ടങ്ങൾ പ്രസക്തമായ മറ്റു നിയമങ്ങൾ എന്നിവയ്ക്ക് വിധേയമായിരിക്കും എന്ന നിബന്ധനയിൽ നിരാക്ഷേപപത്രം അനുവദിച്ചിട്ടുണ്ട്. ഇടർന്ന് ലേഔട്ട് അപ്പ്രൂവലിനായി പ്രസ്തുത ഫയൽ ടൗൺ പ്ലാനർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതിനാലും, അനുബന്ധ രേഖകൾ ഹാജരാക്കാത്തതിനാലും, ന്യൂനതകൾ ഉള്ളതിനാലും കെട്ടിടം ക്രമവൽക്കരിക്കാൻ നിർവ്വാഹമില്ലെന്നും, അപാകതകൾ പരിഹരിച്ച് കെ.പി.ബി.ആർ 2011 ന വിധേയമായി സമർപ്പിക്കണമെന്നുമാണ് 08.08.2019ലെ C1-1766/19L.Dis നമ്പർ കത്ത് പ്രകാരം ടൗൺ പ്ലാനർ

അറിയിച്ചിട്ടുള്ളത്. പ്രസ്തുത വിവരം സൂചിപ്പിച്ചുകൊണ്ടും ന്യൂനതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും സെക്രട്ടറി 26.08.2019ലെ എ3-827/2017 നമ്പർ കത്തിലൂടെ കെട്ടിട ഉടമയെ അറിയിച്ചിട്ടുണ്ട്.

ആയതിനു ശേഷമുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ ധ്യാനകേന്ദ്രത്തിലെ കെട്ടിടങ്ങളുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കേണ്ടതാണെന്നും, കെട്ടിടം നാളിതുവരെ ക്രമവൽക്കരിച്ചിട്ടില്ലെങ്കിൽ അനധികൃത കെട്ടിടമായി പരിഗണിച്ച് കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ വകുപ്പ് 235 ഡബ്ള്യു പ്രകാരമുള്ള നടപടികളോ അല്ലെങ്കിൽ വകുപ്പ് 235 എഎ(1) പ്രകാരം യു.എ നമ്പർ നമ്പർ ചുമത്തി വസ്തുനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഭൂമിയുടെ കൈവശാവകാശ സർട്ടിഫിക്കറ്റും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/28.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

28.11.2024 ൽ ഓഡിറ്റ് വിഭാഗം പഞ്ചായത്ത് സെക്രട്ടറി നിയോഗിച്ച ഉദ്യോഗസ്ഥയോടൊപ്പം നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ ആരാധനാലയങ്ങളും, ഓഫീസുകളും, ഗോശാലയും, ടോയ്‌ലറ്റ് ബ്ലോക്കുകളും, ഭക്ഷണശാലയും, താമസസൗകര്യത്തിനുള്ള റൂമുകളും/ഡോർമിറ്ററിയും ഉൾപ്പടെ നിരവധി കെട്ടിടങ്ങൾ പ്രവർത്തിച്ചു വരുന്നതായി കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിൽ ഏകനില കെട്ടിടങ്ങളും, ബഹുനില കെട്ടിടങ്ങളും ഉൾപ്പെടുന്നുണ്ട്. പ്രസ്തുത സ്ഥലത്തു ഒരു ലിഫ്റ്റ് സൗകര്യം മാത്രമുള്ള ഏഴ് നില കെട്ടിടം പ്രവർത്തിക്കുന്നുണ്ട്. ഈ കെട്ടിടത്തിന്റെ താഴത്തെ നിലയിൽ കേന്ദ്രീകൃത എയർ കണ്ടീഷൻ സംവിധാനമുള്ള ആരാധനാലയവും, മറ്റു 6 നിലകളിൽ താമസവശ്യത്തിനുള്ള റൂമുകളുമാണ്. ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന് ഫയർ എൻ.ഒ.സി ലഭ്യമായിട്ടില്ല. പ്രസ്തുത കെട്ടിടത്തിൽ ഫയർ എസ്കേപ്പ് സ്റ്റെയർ കേസ് സംവിധാനവും, കെ.പി.ബി.ആർ ചട്ടങ്ങൾ പ്രകാരമുള്ള മതിയായ ലൈറ്റ് & വെന്റിലേഷൻ സൗകര്യവുമില്ല.

***ഏഴ് നില കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ***







1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 207 (1) എ പ്രകാരം പൊതു ആരാധനയ്ക്കായി നീക്കിവച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾ മതപാഠ ശാലകൾ എന്നിവയെ നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും, പ്രസ്തുത സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിന് പഞ്ചായത്തിൽ നിന്നും നിയമാനുസൃതമായ ബിൽഡിംഗ് പെർമിറ്റ് ആവശ്യമാണ്. കൂടാതെ ഓഫീസുകൾ , ഗോശാലകൾ , താമസത്തിനുള്ള കെട്ടിടങ്ങൾ എന്നിവയിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ ജറൂസലേം ധ്യാനകേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെല്ലാം പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിച്ചവയാണ്. ആയതിനാൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃതമായി നിർമ്മിച്ച ഈ കെട്ടിടങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ്

ചട്ടങ്ങൾ വകുപ്പ് 235 ഡബ്ല്യു പ്രകാരമുള്ള നടപടികളോ അല്ലെങ്കിൽ കെട്ടിടത്തിന് യു.എ നമ്പർ നൽകി കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235എഎ(1)ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യാൻ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനിക്കുടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും കുടിശ്ശിക സഹിതം വസ്തുനികുതിയായി ഈടാക്കുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വാർഷിക കണക്കിൽ രേഖപ്പെടുത്തിയ പദ്ധതി ചെലവുകൾ സുലേഖ ചെലവ് പത്രികയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ഉൾപ്പെട്ടിട്ടില്ല

താഴെ ചേർത്തിട്ടുള്ള ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ പദ്ധതി ചെലവുകൾ രേഖപ്പെടുത്തുന്ന സുലേഖ ചെലവ് പത്രികയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | Income And Expenditure പത്രികയിലെ | | | തുക(₹) | വൗച്ചർനമ്പർ, തീയതി |
|---|---|---|---|---|---|
| | പട്ടിക നമ്പറും പേരും | കോഡ് | ഹെഡ് | | |
| 1 | I14-Decentralised Plan Programme-Productive Sector | 250110014 | Cow-Fodder For Milking Cow | 359000 | ₹93000(42301090/30.05.2023) ₹92000(42301091/30.05.2023) ₹79000(42301103/19.06.2023) ₹12000(42301116/27.06.2023) ₹83000(42301117/27.06.2023) |
| 2 | I14-Decentralised Plan Programme-Productive Sector | 250140601 | Financial Assistance To SC&STfor Getting Job Abroad | 11000 | 42301300/23.12.2023) |

മേൽ ചേർത്തിട്ടുള്ള ചെലവുകളിൽ ക്രമനമ്പർ 1 പ്രകാരമുള്ളത് പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ക്രമനമ്പർ 2 പ്രകാരമുള്ളത് പ്രത്യേക ഘടക പദ്ധതി വികസന ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. Income And Expenditure പത്രികയിൽ I6 പട്ടികയിൽ ഈ ചെലവുകൾക്ക് തുല്യമായ തുകകൾ കൂടി വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് എസ്.സി.പി എന്നി ഇനങ്ങളിൽ ഉള്ള ഫണ്ട് വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവുകൾ സുലേഖ ചെലവ് പത്രികയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ഉൾപ്പെടുത്താത്തതിന് കാരണം തേടി ഓഡിറ്റ് എൻക്വയറി (നമ്പർ 20/ തീയതി 28.11.2024) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ക്രമ നമ്പർ 2 ലെ ചെലവിനെ സംബന്ധിച്ച് അസിസ്റ്റന്റ് സെക്രട്ടറി ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് അയച്ച കത്തിലെ വിവരങ്ങൾ (കത്ത് നമ്പർ എ.എസ്.പി-73/24/തീയതി 20.02.2024) ഇനി പറയും പ്രകാരമാണ്.

"പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് ധനസഹായം എന്ന പ്രോജക്ട് (73/24) പ്രകാരം 2023-24 വർഷം ഒരു ലക്ഷം രൂപ വകയിരുത്തുകയും ഒരു ഗുണഭോക്താവിന് 11000 രൂപ അനുവദിക്കുകയും ചെയ്തു ശേഷം (ഗുണഭോക്താവ് വിസയുടെയും വിമാന ടിക്കറ്റിന്റെയും പകർപ്പും വിമാന

ചാർജിനത്തിലുള്ള 11000 രൂപയുടെ രേഖകളും ഹാജരാക്കിയെങ്കിലും വിസയുടെ ചെലവ് എത്രയാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ ടിക്കറ്റ് ചാർജ് മാത്രം അനുവദിച്ചു മറ്റു ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പ്രോജക്ട് തുക 11000 രൂപയാക്കി മാറ്റി ഡി.പി.സി അംഗീകാരം വാങ്ങിയ പ്രൊജക്റ്റ് കൊടകര ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് വെറ്റിംഗിനായി അയച്ചു. പ്രോജക്റ്റിലെ ബാക്കി തുക പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിലേക്ക് വകയിരുത്തി എങ്കിലും പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് ധനസഹായം എന്ന പ്രോജക്ടിലെ തുക കറവാണെന്ന കാരണത്തിനാൽ എസ്.സി.ഡി.ഒ പ്രസ്തുത പ്രോജക്ട് വെറ്റിംഗ് നടത്തിയില്ല, പ്രൊജക്ട് വെറ്റിംഗ് ചെയ്യു തരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്". മേൽ പട്ടികയിൽ കാണിച്ചിട്ടുള്ള പദ്ധതി ചെലവുകൾ പഞ്ചായത്തിലെ പദ്ധതി ചെലവുകൾ രേഖപ്പെടുത്തുന്ന സുലേഖ ചെലവ് പത്രികയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ഉൾപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 ഹെൽത്ത് ഗ്രാന്റ് ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

പഞ്ചായത്തിന്റെ വാർഷികധനകാര്യപത്രികയിലെ I 6 ഷെഡ്യൂൾ പ്രകാരം 160100771 ശീർഷകത്തിൽ Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs എന്ന ഇനത്തിൽ 284,204 രൂപ ചെലവുണ്ട്. എന്നാൽ സുലേഖ പത്രിക പ്രകാരം ഈയിനത്തിൽ 160160 രൂപ (പ്രോജക്ട് 284/24 – ഹെൽത്ത് ഗ്രാന്റ് സ്കീം 3 2022-23) മാത്രമാണ് ചെലവുള്ളത്. മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നടപ്പാക്കിയ പ്രോജക്ട് 186/24-- ഹെൽത്ത് ഗ്രാന്റ് സ്കീം 3 2021-22 പ്രകാരമുള്ള 124044 രൂപയുടെ ചെലവുകൾ സുലേഖ പത്രികയിൽ ചേർത്തിട്ടില്ല.

ചെലവ് സുലേഖയിൽ ചേർക്കാതിരുന്നതിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/29.11.24) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
എല്ലാ ചെലവുകളും സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 കന്നുകുട്ടി പരിപാലന പദ്ധതി- കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് | കന്നുകുട്ടി പരിപാലന പദ്ധതി(177/24) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ചെലവു തുക | 2,87,500{ വികസന ഫണ്ട്(പൊതു വിഭാഗം)} |
| വൗച്ചർ നമ്പർ/തീയതി | 42301167/ 10.08.2023 |

മേൽ പദ്ധതി നടത്തിപ്പിലേക്കായി തൃശ്ശൂർ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് തുക കൈമാറിയിട്ടുണ്ട്. എത്ര ഗുണഭോക്താക്കൾക്കുള്ള വിഹിതമാണ് പദ്ധതിയിൽ വകയിരുത്തിയതെന്നും കൈമാറിയിട്ടുള്ളതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമല്ല. കാലിത്തീറ്റ വിതരണവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രജിസ്റ്റർ പരിശോധിച്ചതിൽ 2023 സെപ്റ്റംബർ മുതൽ 2024 സെപ്റ്റംബർ വരെയുള്ള കാലയളവിൽ 23 ഗുണഭോക്താക്കൾക്ക് തീറ്റ വിതരണം നടത്തിയതായി കാണുന്നു. ചില ഗുണഭോക്താക്കൾക്ക് എല്ലാ മാസവും തീറ്റ വിതരണം നടത്താത്തതായും ചിലർക്കുള്ള വിതരണം മുടങ്ങിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വിതരണം ചെയ്യാത്ത മാസങ്ങൾ |
|---|---|
| ബെന്നി മാത്യു | 11/2023, 01/2024 |
| ഗോവിന്ദൻ , മുള്ളങ്ങാട്ട്പറമ്പിൽ | 12/2023, 02/2024 |
| കൃഷ്ണൻ . | 10/2023 |

| | |
|---|---|
| തണ്ടാംപറമ്പിൽ | |
| ഓമന, പാലക്കൽ വീട് | 01/2024, 04/2024 |
| രതിദാസൻ , ചുള്ളിവീട് | 03/2024 |
| രവി കാട്ടുപറമ്പിൽ | 09/2023, 10/2023, 11/2023 എന്നി മാസങ്ങളിൽ മാത്രമാണ് തീറ്റ വിതരണം ചെയ്തിട്ടുള്ളത് |
| സന്തോഷ് കുമാർ വെള്ളാഞ്ചേരി | 11/2023, 01/2024, 02/2024, 04/2024, 06/2024, 07/2024, 09/2024 |
| ഷിബു എ. ജി., ആലുവാക്കാരൻ | 11/2023 |

മേൽ പറഞ്ഞിട്ടുള്ള ഗുണഭോക്താക്കൾക്ക് എല്ലാ മാസവും കാലിത്തീറ്റ വിതരണം ചെയ്യാത്തതിനാലും വിതരണം മുടങ്ങിയതിനാലും പഞ്ചായത്തിൽ നിന്നും കൈമാറിയിട്ടുള്ള വിഹിതം പൂർണമായും വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് കാരണം തേടി ഓഡിറ്റ് എൻക്വയറി (നമ്പർ 21/തീയതി 28.11.2024) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 ലൈഫ് ഭവന പദ്ധതി (എസ്.സി.പി)- തുടർനടപടി അറിയിക്കേണ്ടതാണ്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ക്ലസ്റ്റർ സർക്കിൾ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ള ലൈഫ് ഭവന പദ്ധതി (എസ്.സി.പി)-യിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപ വീതമാണ് ധനസഹായമായി വകയിരുത്തിയിട്ടുള്ളതെങ്കിലും ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താവിന് 1,40,000 രൂപ മാത്രമാണ് നൽകിയിട്ടുള്ളത്.

വിശദാംശങ്ങൾ

| പ്രൊജക്ട് നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | നൽകിയ ധനസഹായത്തിന്റെ വിവരങ്ങൾ | |
|---|---|---|---|
| | | തുക | വൗച്ചർ നമ്പർ/ തീയതി |
| 50/2023(2022-23) &36/24(2023-24) | തങ്കമ്മ, അരിക്കാട്ടിൽ, ആദൂർ | 40000 | 42201249/ 15.03.2023 |
| | | 100000 | 42301089/ 27.05.2023 |
| | ആകെ | 140000 | |

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താവിന്റെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും തുടർന്നുള്ള ധനസഹായം നൽകാത്തതിന്റെ കാരണവും ആരാഞ്ഞു കൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 21/ തീയതി28.11.2024) നൽകിയിരുന്നു. സാമ്പത്തിക പരാധീനത കാരണം അടുത്ത ഘട്ടം പണി ആരംഭിച്ചിട്ടില്ലയെന്നും പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് അടുത്ത ഗഡു നൽകുമെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചത്. ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 കൈപ്പറ്റ് രസീത്, വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകളിൽ വിനിയോഗവിവരം, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമായിട്ടില്ല

| പ്രോജക്ട് | അടങ്കൽ | വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|
| 6/24 –ഐ കെ എം ന് വിഹിതം നൽകൽ | 100000 (വികസനഫണ്ട് -പൊതുവിഭാഗം) | 42301086/ 26.5.23 | 88774 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ കെ എം |
| 346/24- ഐ കെ എം മെമ്പർഷിപ്പ് ഫീസ് | 900000 (വികസനഫണ്ട് -പൊതുവിഭാഗം) | 42301439/ 26.3.24 | 900000 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ കെ എം |
| 287/24 – അക്കൗണ്ടന്റ് കം ഐടി വിദഗ്ധർക്ക് വേതനത്തിന് പഞ്ചായത്ത് വിഹിതം നൽകൽ | 30000 ( തനതുഫണ്ട്) | 42300743/ 5.1.24 | 30000 | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എൽ.എസ്.ജി.ഡി |
| 12/24 – പി.എം.എ.വൈ ഭവനപദ്ധതി വിഹിതം നൽകൽ എസ്.സി പാർപ്പിടം | 155000 (വികസനഫണ്ട് -എസ് സി പി ) | 42301115/ 27.6.23 | 70000 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് കൊടകര |
| 16/24- ഷീ വർക്ക് സ്പേസ് ബ്ലോക്ക് ഓഫീസിന് തുക കൈമാറൽ | 314354 (വികസനഫണ്ട് -പൊതുവിഭാഗം) | 42301111/ 22.6.24 | 314354 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് കൊടകര |

ഓഡിറ്റ് എൻക്വയറി (12/26.11.24, 26/29.11.24) ക്ക് മറുപടിയായി വിനിയോഗവിവരം, കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കാമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.
വിനിയോഗവിവരം, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-20 ഡെപ്പോസിറ്റ് പ്രവൃത്തികൾ -- പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ട് പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | വൗച്ചർ നം | തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|
| 2/24 – സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനും പോസ്റ്റ് മാറ്റുന്നതിനും കെ.എസ്.ഇ.ബി-യിൽ തുക നിക്ഷേപിക്കൽ | 1200000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് --800000 ജില്ലാപഞ്ചായത്ത് വിഹിതം -- 400000 ) | 22301238/ 28.3.24 – | 20184 | അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി, പുത്തൂർ |

| | | | | |
|---|---|---|---|---|
| | | 22301144/ 19.3.24 | 125643 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, മരത്താക്കര |
| | | 22301321/ 31.3.24 | 515000 | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി, പുതുക്കാട് |
| | | 22301327/ 31.3.24 | 57338 | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി, പുതുക്കാട് |

അപാകതകൾ

1. സർക്കാർ ഉത്തരവ് (കൈ)നം. 84/2022/തസ്വഭവ തീയതി 19/04/22 ഖണ്ഡിക നമ്പർ 12.2(ഡി) (Ii) പ്രകാരം കേരള ജല അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയതിന് ശേഷം തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകേണ്ടതാണെന്നും എന്നാൽ തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ തൃക്കൂർ പഞ്ചായത്തിൽ മേൽ പട്ടികയിൽ സൂചിപ്പിച്ച ഡെപ്പോസിറ്റ് പ്രവൃത്തികൾ നടപ്പാക്കുന്നതിന് കെഎസ്ഇബിയിൽ നിന്നും ലഭ്യമാക്കിയ ഭരണാനുമതി, തുക ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രം തുക നല്കിയിരിക്കുന്നു. എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കുകയോ കെ.എസ്.ഇ.ബി യുമായി കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല. നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. സർക്കാർ ഉത്തരവ് (കൈ)38/23/ധന തീയതി 09.03.2023 പ്രകാരം വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് വർക്കിനായി പ്രാദേശികസർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുകകൾ അതാത് വർഷം തന്നെ ചെലവഴിക്കാത്ത പക്ഷം സംസ്ഥാനസഞ്ചിതനിധിയിൽ തിരിച്ചടക്കേണ്ടതാണ്. ഇല്ലെങ്കിൽ ചെലവഴിക്കാത്ത തുക തൊട്ടടുത്ത സാമ്പത്തികവർഷം സർക്കാർ അനുവദിക്കുന്ന ഫണ്ടിൽ നിന്നും കുറവ് വരുത്തുന്നതാണ്. സർക്കാർ ഉത്തരവ് (കൈ)45/23/ധന തീയതി 10.03.2023 പ്രകാരം അത്യാവശ്യമുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ മാത്രമേ ചെയ്യാവൂ. ആകെ തുകയുടെ 20% മാത്രം മുൻകൂർ നല്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയും മുൻകൂറായി നൽകിയിട്ടുണ്ട്.

3. 19.01.2024 ലെ ഭരണസമിതിയുടെ 18(10) നം. തീരുമാനത്തിൽ പോസ്റ്റ് മാറ്റിയത് കനാൽ ബണ്ടിൽ സ്ഥാപിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ നിരാക്ഷേപപത്രം ലഭ്യമാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം നിരാക്ഷേപപത്രം ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (3/26.11.24) മറുപടിയായി പഞ്ചായത്തിന്റെ അനിവാര്യചുമതലയായതിനാലാണ് തുക ഡെപ്പോസിറ്റ് ചെയ്തതെന്നും പോസ്റ്റ് സ്ഥാപിക്കുന്ന സ്ഥലം അന്തിമതീരുമാനം ആകാത്തതിനാലാണ് എൻ.ഒ.സി ലഭ്യമാക്കാത്തത് എന്നും അറിയിച്ചിട്ടുണ്ട്.
ഡെപ്പോസിറ്റ് പ്രവൃത്തികൾ ചെയ്യുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നുവെന്നും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാകുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്.

**1-21 തുക പൂർണ്ണമായി നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല**

നിർവഹണ ഉദ്യോഗസ്ഥൻ -- സെക്രട്ടറി

പ്രോജക്ട് -- 9/24-- ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ -- 300000 (മെയിന്റനൻസ്ഗ്രാന്റ് നോൺ റോഡ്)

ചെലവ് -- 300000

വൗച്ചർ നമ്പർ -- 42301329/19.1.24

പ്രഫോർമ ഇൻവോയ്സ് നമ്പർ -- PF 821/15.11.23

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി HOMCO ക്ക് 300000 രൂപ മുൻകൂർ നൽകിയെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/26.11.24) മറുപടിയായി സ്ഥാപനത്തിന് റിമൈന്റർ അയച്ചുവെന്നും പത്ത് ദിവസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട് എന്നും നിർവഹണഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.
മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-22 തുക മുൻകൂറായി നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ -- മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി

പ്രോജക്ട് -- 43/24 – മരുന്ന് വാങ്ങൽ

അടങ്കൽ - – 1600000

(വികസനഫണ്ട് -- 235264

തനതുഫണ്ട് -- 243736

ജില്ലാപഞ്ചായത്ത് ഫണ്ട് -- 500000

മെയിന്റനൻസ് ഗ്രാന്റ് -- 621000)

ആകെ ചെലവ് -- 847207

(തനതുഫണ്ട് -- 239997

മെയിന്റനൻസ് ഗ്രാന്റ് -- 607210 )

വൗച്ചർ നമ്പർ -- 42300939/ 13-03-2024 --- 239997

പ്രഫോർമ ഇൻവോയ്സ് -- PRF 3726/3.2.24

സുലേഖ പത്രിക പ്രകാരം ഈയിനത്തിൽ ആകെ ചെലവഴിച്ച തുകയിൽ മരുന്ന് വാങ്ങുന്നതിനായി KMSCL ന് 239997 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (27/29.11.24) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-23 തെരുവുവിളക്ക് അറ്റകുറ്റപ്പണി -- അടിസ്ഥാനരേഖകൾ സൂക്ഷിക്കുന്നില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തെരുവുവിളക്ക് അറ്റകുറ്റപ്പണി നടത്തുന്നതിനായി രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

1. 1/24 – തെരുവുവിളക്ക് അറ്റകുറ്റപ്പണി എ. എം. സി

അടങ്കൽ -- 700000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

ചെലവ് --267360

വൗച്ചർ നം.-- 22302325/ 31.3.2024

2. 165/24 -- തെരുവുവിളക്ക് അറ്റകുറ്റപ്പണി എ. എം. സി (സ്പിൽ ഓവർ പ്രോജക്ട് )

അടങ്കൽ -- 607660 (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

ചെലവ് -- 319280

വൗച്ചർ നമ്പർ -- 22301240/14.3.2024

3 മെൻ പവർ സൊല്യൂഷൻസ്, പുതുക്കാട് എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയത്. 2850 LED 9W ബൾബുകൾ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. 165/24 നമ്പർ, പ്രോജക്ടിൽ വിളക്ക് ഒന്നിന് 260 രൂപ നിരക്കിലും 1/24 നമ്പർ പ്രോജക്ടിൽ 240 രൂപ നിരക്കിലുമാണ് കരാർ.

**അപാകതകൾ**

1. തെരുവുവിളക്കുകളുടെ എണ്ണം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. സർക്കുലർ നം.3055/DA3/2011 *LSGD*15.9.2011, സർക്കുലർ നം. 177/DA3/2016/ LSGD/ 7.9.2017 ഇവയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

4. 21.02.2019 ലെ സർക്കുലർ നം.ഡി.എ1/17/2019/ത.സ്വ.ഭ.വ പ്രകാരം കെ.എസ്.ഇ.ബി-യുമായി സംയുക്ത പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്. ഇപ്രകാരം സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5. അൺസർവീസബിൾ ഇനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6. 165/24 നം. പ്രോജക്ടിൽ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഇല്ല.

ഓഡിറ്റ് എൻക്വയറിക്ക് (30/29.11.24) മറുപടിയായി മേലിൽ അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.
അപാകതകൾ പരിഹരിച്ച് പ്രോജക്ടുകൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 കുടിവെള്ള വിതരണം -- അനുമതി ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 167/24 |
| പ്രൊജക്ടിന്റെ പേര് | വരൾച്ചാ ദുരിതാശ്വാസ പദ്ധതി കുടിവെള്ള വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ടിനം, അടങ്കൽ | തനത് ഫണ്ട്-- 240000 വികസനഫണ്ട് (പൊതുവിഭാഗം) -- 450000 |
| ചെലവ് | 689724 |
| വൗച്ചർ നമ്പർ/ തീയതി | 42301123 / 11.7.2023 – 450000 വികസനഫണ്ട് |
| വൗച്ചർ നമ്പർ/ തീയതി | 42300370 /26.8.23 – 239724 തനത് ഫണ്ട് |

മേൽ പ്രൊജക്ടിന്റെ ഭാഗമായി പഞ്ചായത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ വിവിധ വാർഡുകളിൽ 30.3.2023 മുതൽ 28.06.2023 വരെയുള്ള കാലയളവിൽ ടാങ്കറിൽ കുടിവെള്ളം വിതരണം ചെയ്തതിന് കരാറുകാരനായ അനീഷ് ടി. എ. എന്നയാൾക്ക് ₹689724 (6000 ലിറ്റർ X 782 ട്രിപ്പ് X 0.147 രൂപ/ലിറ്റർ) നല്കിയിട്ടുണ്ട്.

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം ചെയ്യുന്നതിനായി തനത് /പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് 06.03.2023 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 564/2023/ത.സ്വ.ഭ.വ., പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് പ്രകാരം തുക ചെലവഴിക്കുന്നതിനുള്ള അനുമതി 31.05.2023 വരെയാണ് നൽകിയിട്ടുള്ളത്. എന്നാൽ പഞ്ചായത്തിൽ 31.05.2023 ന് ശേഷം 28.06.2023 വരെയുള്ള കാലയളവിൽ ജലവിതരണം നടത്തിയിട്ടുണ്ട്. 31.05.2023ന് ശേഷം 124 ട്രിപ്പുകളിലായി 744000 ലിറ്റർ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ട് (ചെലവ്- 109368 @0.147 രൂപ/ലിറ്റർ). 02.06.2023ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1153/2023/ത.സ്വ.ഭ.വ പ്രകാരം കുടിവെള്ളക്ഷാമം രൂക്ഷമായി തുടരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 01.06.2023 മുതൽ രണ്ടാഴ്ചത്തേക്ക് അല്ലെങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ മഴ ലഭിക്കുന്നത്

വരെയോ ഏതാണോ ആദ്യം എന്ന ക്രമത്തിൽ മേൽ ഉത്തരവിന് വ്യവസ്ഥകൾക്ക് വിധേയമായി കുടിവെള്ള വിതരണം ചെയ്യുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങളിലാണ് ഇപ്രകാരം കുടിവെള്ള വിതരണത്തിന്റെ കാലാവധി ദീർഘിപ്പിക്കേണ്ടതെന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർ മാർ തീരുമാനിക്കേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ തൃക്കൂർ ഗ്രാമപ്പഞ്ചായത്തിൽ ഇപ്രകാരം കാലാവധി ദീർഘിപ്പിച്ച നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (32/30.11.24) മറുപടിയായി ജില്ലാ കളക്ടർ അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
ജില്ലാ കളക്ടറുടെ അനുമതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## I-25 ജീവനക്കാരുടെ നിയമനം -- അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ -- മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി

മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, നേഴ്സ് എന്നിങ്ങനെ താൽക്കാലിക ജീവനക്കാരെ നിയമിച്ചതിന് രണ്ട് പ്രോജക്ടുകളിലായി തുക ചെലവഴിച്ചിട്ടുണ്ട്.

1. പ്രോജക്ട് -- 41/24 – ഡോക്ടറുടെ വേതനം

അടങ്കൽ -- 766900

ചെലവ് -- 691510

2. പ്രോജക്ട് --42/24-- സ്റ്റാഫ് നേഴ്സിന്റെയും ഫാർമസിസ്റ്റിന്റെയും വേതനം

അടങ്കൽ -- 751000

ചെലവ് -- 634220

ഡോക്ടർക്ക് പ്രതിമാസം 57525 രൂപ വീതവും ഫാർമസിസ്റ്റിന് പ്രതിമാസം 22950 രൂപ വീതവും സ്റ്റാഫ് നേഴ്സിന് പ്രതിമാസം 29700 രൂപ വീതവും നൽകിയിട്ടുണ്ട്.

സ.ഉ.(കൈ) നം. 115/2022/ തസ്വഭവ തീയതി 28.5.2022 ഖ 7.6.2 പ്രകാരം കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും ലഭ്യമാക്കുന്നതിനായി ഓരോ ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ (ഡി എ) വകുപ്പിന്റെ 25.10.23 ലെ സർക്കുലർ ഡിഎ 1/363/2023- തസ്വഭവ പ്രകാരവും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ധനകാര്യവകുപ്പിന്റെ സ.ഉ.(പി) നം. 29/2021/ധന തീയതി 11.2.21 പ്രകാരമുള്ള വേതനം അനുവദിക്കാമെന്ന് തദ്ദേശസ്വയംഭരണ(ഡി എ) വകുപ്പിന്റെ 10.7.23 ലെ സർക്കുലർ ഡിബി 3/143/2023- തസ്വഭവ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം ഡോക്ടർക്ക് നൽകാവുന്ന പ്രതിമാസവേതനം 52920 രൂപയും സ്റ്റാഫ് നേഴ്സിന് 29700 രൂപയും ഫാർമസിസ്റ്റിന് 22950 രൂപയും ആണ്. എന്നാൽ ഡോക്ടർക്ക് പ്രതിമാസം 57525 രൂപ വീതം നൽകിയിട്ടുണ്ട്. 57525 രൂപ ഡോക്ടർക്ക് പരമാവധി നൽകാവുന്ന കോൺട്രാക്ട് പേ ആണ്. ഡോക്ടറുടെ നിയമനം ഏതു രീതിയിലാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തി തദനുസരണമായി വേതനം നൽകേണ്ടതാണ്.

ഒരു ഡോക്ടറെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുവാൻ വ്യവസ്ഥ ഉള്ളപ്പോൾ രണ്ട് പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിച്ച് വേതനം നൽകിക്കാണുന്നു.
ഓഡിറ്റ് എൻക്വയറിക്ക് (28/29.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല.
ജീവനക്കാരെ നിയമിക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## I-26 പാലിയേറ്റിവ് കെയർ ആംബുലൻസ് - അപാകതകൾ

പാലിയേറ്റിവ് ഹോം കെയറിനായി KL-45/M-9849 മാരുതി ഓമ്നി ആംബുലൻസ് ഉപയോഗിക്കുന്നുണ്ട്. വാഹനവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.
1) ലോഗ്ബുക്കിൽ പ്രതിമാസ സാക്ഷിപ്പം എഴുതി സൂക്ഷിക്കുന്നില്ല.
2) ഇന്ധനം നിറച്ചതിന്റെ വിവരം ലോഗ്ബുക്കിൽ ഇത് രേഖപ്പെടുത്തുന്നില്ല.
3) റിപ്പയറിങ്ങ് വിവരങ്ങൾ ചേർക്കുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ലോഗ്ബുക്കിൽ പ്രതിമാസ സംക്ഷിപ്തം ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും വാഹന ഉപയോഗം സംബന്ധിച്ച 30.06.2007 ലെ G.O (M.S) 170/07 ത.സ്വ.ഭ.വ, സർക്കുലർ നം. 41/2008/

ധന/02.08.2008 എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി (33/30.11.24)

## 1-27 ആദായനികുതി സ്രോതസിൽ കിഴിവ് ചെയ്തിട്ടില്ല

2023-24 വാർഷികകണക്കുകൾ പ്രകാരം തൻവർഷം 1,64,430 രൂപ (220510102-- Legal Expenses Other Than For Recoveries) അഡ്വക്കേറ്റ് ഫീ ഇനത്തിൽ നൽകിയിട്ടുണ്ട്.

ഇവയിൽ 30000 രൂപയിൽ കൂടുതൽ കൈപ്പറ്റിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | വൗച്ചർ നമ്പർ | തുക | കേസ് |
|---|---|---|---|
| അഡ്വ. സന്തോഷ് പി. പൊതുവാൾ | 42300288 /26.7.23 | 45,000 | WP(C) 37854/2016<br>WP(C) 342/2017 |
| | 42300325/13.8.23 | 27,500 | WP(C) 7813/2022,COC 2550/2022 In WP(C)7813/2022,WPC 16100/2023 |
| അഡ്വ. എം. ശശികുമാർ | 42300441/ 16.9.23 | 3,500 | OS 99/2023 |
| | 42300466 /28.9.23 | 1,500.00 | 6231/2023 |
| | 42300501/12.10.23 | 3000 | OS 191/2021 |
| | 42300785/ 29.1.24 | 33,930 | OS 09/2018 |
| | 42301001/ 28.3.24 | 7,000 | OS 191/2021 |
| | 42300953/ 16.3.24 | 2,500 | OS 63/2023 |
| | 42300954/ 16.3.24 | 2,500 | OS 588/2020 |

1961 ലെ ആദായനികുതി നിയമം വകുപ്പ് 194J പ്രകാരം പ്രൊഫഷണൽ --ടെക്നിക്കൽ സേവനങ്ങൾക്ക് പ്രതിവർഷം 30000 രൂപയിൽ കൂടുതൽ പ്രതിഫലം നൽകുമ്പോൾ 10% നികുതി സ്രോതസിൽ നിന്ന് കിഴിവ് ചെയ്യേണ്ടതാണ്. എന്നാൽ മേൽപട്ടികയിൽ സൂചിപ്പിച്ച അഡ്വക്കേറ്റ് മാരിൽ നിന്നും 10% ആദായനികുതി കിഴിവ് ചെയ്തിട്ടില്ല. ഭാവിയിൽ ഇത്തരം പേയ്മെന്റുകളിൽ നിന്ന് ആദായനികുതി ടി.ഡി.എസ് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 34/30.11.24)

## 1-28 കുടുംബശ്രീ ജനകീയ ഹോട്ടലിന്റെ വാടക, കറന്റ് ബിൽ എന്നിവയുടെ തുക നൽകൽ

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | കുടുംബശ്രീ ജനകീയ ഹോട്ടലിന്റെ വാടക, കറന്റ് ബിൽ എന്നിവയുടെ തുക നൽകൽ (47/24) |
| അടങ്കൽ തുക | 1,00,000 |
| ചെലവഴിച്ച തുക | 76,370 രൂപ (10,000-വൗച്ചർ |

| | |
|---|---|
| | നമ്പർ-42301075/17.05.23,<br>1911-വൗച്ചർ നമ്പർ-42301076/19.05.23,<br>22056-വൗച്ചർ നമ്പർ-42301199/17.10.23<br>16694-വൗച്ചർ നമ്പർ-42301369/24.3.24<br>14081-വൗച്ചർ നമ്പർ-42301328/16.01.24<br>11628-വൗച്ചർ നമ്പർ-42301226/08.11.24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

വിശപ്പ് രഹിത കേരളം-കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ജനകീയ ഹോട്ടലിന്റെ സുഗമമായി നടത്തിപ്പിലേയ്ക്കായി വാടക, കറന്റ് ചാർജ്ജ് എന്നിവ കുടുംബശ്രീ ചെയർപേഴ്സണിന്റെ യൂണിയൻ ബാങ്ക് അക്കൗണ്ട് നമ്പർ 520101267955665 (IFCCode : UBIN0900966) ലേക്ക് നൽകിയിട്ടുണ്ട്. ഫയൽ പ്രകാരം ശ്രീമതി കൊച്ചുത്രേസ്യ, തട്ടിൽ പഴങ്കാരൻ വീട്, ആലങ്ങാട് എന്നിവരുടെ കെട്ടിടം വാടകയ്ക്കെടുത്തുവെങ്കിലും കെട്ടിട ഉടമയുമായി പഞ്ചായത്ത് സെക്രട്ടറി ഏർപ്പെട്ട വാടകക്കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത പ്രൊജക്ടിന്റെ ചെലവ് തുകയായ 76,370 രൂപയുടെ ആവശ്യകത പത്രിക പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയവ ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ നാളിതുവരെ കുടുംബശ്രീ ചെയർപേഴ്സൺ ന്റെ അക്കൗണ്ടിലേയ്ക്കാണ് തുക നല്കിയിരുന്നത് എന്നും ഇനി മുതൽ വാടകകരാർ കെട്ടിട ഉടമയുമായി ചെയ്യുന്നതാണെന്നും കെട്ടിട ഉടമയുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് തുക കൈമാറുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ-24/24 തിയതി-28/11/24)

## 1-29 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ – അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 143/24 |
| അടങ്കൽ | 4,00,000<br>2,80,000<br>---------------------<br>6,80,000 |
| ചെലവ് | 3,70,000 (വൗച്ചർ നമ്പർ – 42301423/25.03.24) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ് |

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ ജെം പോർട്ടൽ വഴി 20 ലാപ്ടോപ്പുകൾ സെർവിറ്റ് സിസ്റ്റംസ് വിദ്യാ നഗർ, കടവന്ത്ര എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) എസ്. സി. ഡി. ഒ യ്ക്ക് അയച്ചു കൊടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റിൽ 19 പേരുടെ പേരു മാത്രമേയുള്ളൂ.

ലാപ്ടോപ് വിതരണ രജിസ്റ്ററിൽ 19 പേരിൽ 18 പേരു മാത്രമാണ് ലാപ്ടോപ് കൈപ്പറ്റിയിട്ടുള്ളു. 19 -ാം മത്തെ ഗുണഭോക്താവായ മായമോൾ എം. കെ. കരിയാത്തൻ ഹൗസ്, കല്ലൂർ മതിയായ രേഖകൾ ഹാജരാക്കിയിട്ടില്ല എന്ന് വിതരണ രജിസ്റ്ററിൽ പെൻസിൽ കൊണ്ട് രേഖപ്പെടുത്തിയിട്ടുണ്ട്. 20 ലാപ്ടോപ് വാങ്ങിയെങ്കിലും 18 ലാപ്ടോപ്പുകളുടെ വിതരണ വിവരം മാത്രമാണ് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 2 ലാപ്ടോപ്പുകളുടെ വിതരണം വിവരം ലഭ്യമാക്കിയിട്ടില്ല.

2) സെർവിറ്റ് സിസ്റ്റംസ് ന്റെ ടാക്സ് ഇൻവോയ്സ് നം23-24/Ss/311/തീയതി-13.3.2024 പ്രകാരം 20 ലാപ്ടോപ്പിന് ജി. എസ്. റ്റി 18% ഉൾപ്പടെ 6,50,000 രൂപയാണ്. 2023-24 വർഷം 3,70,000 രൂപ സ്ഥാപനത്തിന് നല്കിയെങ്കിലും 2% ജി. എസ്. റ്റി ടി.ഡി.എസ് പിടിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറി (2/24 തീയതി 26.11.2024)യ്ക്കുള്ള മറുപടിയിൽ 18 ലാപ്ടോപ്പുകൾ ഗുണഭോക്താക്കൾക്ക് 16.03.2024-ന് വിതരണം ചെയ്തുവെന്നും ഗുണഭോക്തൃ ലിസ്റ്റിൽ പെട്ട ശാരിക എൻ. എന്ന വിദ്യാർത്ഥിയ്ക്ക് ജില്ലാപഞ്ചായത്തിൽ നിന്നും ലാപ്ടോപ്പ് ലഭിച്ചതിനാലും, മായമോൾ എന്ന വിദ്യാർത്ഥിയുടെ കോഴ്സിന് അംഗീകാരമില്ലാത്തതിനാലും ലാപ്ടോപ്പുകൾ നല്കിയില്ല എന്നും, അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തി നല്കുന്നതിന് ഇലക്ഷൻ പ്രഖ്യാപനം വന്നതിനാൽ നടന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. 2024-25 വാർഷിക പദ്ധതിയിലെ ഗുണഭോക്താക്കളിലെ ആദ്യ രണ്ടുപേർക്ക് ഈ രണ്ട് ലാപ്ടോപ്പ് നല്കുന്നതാണെന്നും സെർവിറ്റ് സിസ്റ്റംസ്-ന് നല്കാനുള്ള ബാക്കി തുകയിൽ നിന്നും 2% ടി.ഡി.എസ് പിടിച്ചതിന് ശേഷം നല്കുന്നതാണെന്നും ഹെഡ്മിസ്ട്രസ് അറിയിച്ചിട്ടുണ്ട്.

ഭാവിയിൽ ആനുകൂല്യം നല്കുന്നതിന് യഥാർത്ഥത്തിൽ അർഹരായ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത ശേഷം പ്രോജക്ട് നടപ്പിലാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-30 വയോജനങ്ങൾക്ക് കട്ടിൽ - പ്രൈസ് ലിസ്റ്റിലുൾപ്പെടാത്തയിനം ARTCO-യിൽ നിന്നും നേരിട്ട് വാങ്ങി

| | |
|---|---|
| പ്രോജക്ട് നമ്പർ | S0043/24 |
| അടങ്കൽ | 4,00,000 (വികസന ഫണ്ട്) |
| ചെലവ് | 1,91,160 (വൗച്ചർ നമ്പർ-42301365/24.3.24) |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ 54 പേർക്ക് 3450 രൂപ നിരക്കിൽ കോഴിക്കോട്, ആർട്ട്കോ ലിമിറ്റഡിൽ നിന്നും കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. (അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് ക്വട്ടേഷൻ മുഖേന) ജി.ഒ(ആർ .ടി)നമ്പർ -20/2023/SPD/24.2.2023 ഉത്തരവ് പ്രകാരമാണ്" ARTCO"-ൽ നിന്ന് നേരിട്ട് വാങ്ങൽ നടത്തുന്നതിന് അനുമതി നൽകിയിരിക്കുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ നേരിട്ട് വാങ്ങാവുന്നതല്ല. മേൽ ഉത്തരവിലെ ഖണ്ഡിക 3 പ്രകാരം ഉത്തരവിന്റെ അനുബന്ധമായ പ്രൈസ് ലിസ്റ്റ് പ്രകാരമാണ് വാങ്ങലുകൾ നേരിട്ട് നടത്തേണ്ടത്. കട്ടിൽ ഒരെണ്ണത്തിന് 3450 രൂപ നിരക്കിൽ 1.98 മീറ്റർ നീളവും 90 സെന്റീ മീറ്റർ വീതിയും മുൻകാല് 60 സെന്റീ മീറ്റർ നീളവും പിൻ കാലിന് 50 സെന്റീമീറ്റർ നീളവും 8 മില്ലീമീറ്റർ കനവും സ്പെസിഫിക്കേഷനിൽ 54 കട്ടിൽ ആണ് വാങ്ങിയിരിക്കുന്നത്. സ്പെസിഫിക്കേഷൻ, വില എന്നിവ പരിശോധിച്ചതിൽ മേൽ പ്രൊജക്ട് പ്രകാരം വാങ്ങിയ കട്ടിൽ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട് കാണുന്നില്ല.

പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനം നേരിട്ട് വാങ്ങിയതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നല്കിയ

എൻക്വയറിയ്ക്കുള്ള മറുപടിയിൽ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന അപാകത അംഗീകരിയ്ക്കുന്നുവെന്നും സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങാമെന്ന ഉത്തരവുള്ളതുകൊണ്ടും ഗുണമേന്മ പ്രൊക്യൂർമെന്റ് കമ്മിറ്റി സാമ്പിൾപരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതു കൊണ്ടും വാങ്ങിയതാണ് എന്നറിയിച്ചിട്ടുണ്ട്. പ്രൈസ് ലിസ്റ്റ് പരിശോധിച്ചില്ല എന്ന അപാകത മാപ്പാക്കണമെന്നുള്ള മറുപടി അംഗീകരിയ്ക്കുന്നു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം-22/24തീയതി -28/11/24)

## 1-31 വെതർ സ്റ്റേഷൻ തുടർ നടപടികൾ - സംബന്ധിച്ച്

സ.ഉ.(കൈ) നം.115/22/ ത.സ്വ.ഭ.വ- തീയതി 28/05/22 ഖണ്ഡിക (7.8.8 ) പ്രകാരം കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി, തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തുന്നതിനുമായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർ സ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് നിർദേശിക്കുന്നു. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ ഉറപ്പായ സ്ഥലം ലഭ്യമാക്കിയാൽ വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരളം ഇനിഷ്യേറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതും അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/26.11.24) മറുപടിയായി ഭരണസമിതിയെ അറിയിച്ച് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-32 കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി സംബന്ധിച്ച്

19-04-22 ലെ സ. ഉ. 84/2022/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ 7.3 പ്രകാരം കാലാവസ്ഥാവ്യതിയാനം മൂലം കേരളത്തിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിയ്ക്കുന്നതിനും ഓരോ തദ്ദേശ സ്ഥാപനവും കാലാവസ്ഥ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ് (7.3.1). ഇതിനായി ഭൂപ്രകൃതി, ജന പ്രകൃതി, സാമ്പത്തികവ്യവസ്ഥ എന്നിവ സംബന്ധിച്ച് പൊതു വിവരങ്ങളും കഴിഞ്ഞ ദശാബ്ദത്തിൽ പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനവും തന്മൂലം മനുഷ്യരുടെ ജീവിതത്തിലും, ജീവനോപാധികളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളും, ഉല്പാദന മേഖലകളിലും ആരോഗ്യ സേവന മേഖലകളിലും ഉണ്ടായ മാറ്റങ്ങളും, പ്രകൃതി വിഭവങ്ങൾ , ജൈവ വൈവിധ്യങ്ങൾ എന്നിവക്കുണ്ടായ മാറ്റങ്ങളും നിരീക്ഷിക്കേണ്ടതുണ്ട് (7.3.2). ജല സംരക്ഷണം, ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കൽ , കാർബൺ ബഹിർഗമനം കുറയ്ക്കൽ , ദുരന്ത ലഘൂകരണം, മേൽ സൂചിപ്പിച്ചവ സംബന്ധിച്ച അവബോധം നൽകൽ , മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവ ഭാഗമാക്കണം (7.3.3) പദ്ധതി സംബന്ധിച്ച പരിശീലനം കില നൽകുന്നതാണ്. ഓഡിറ്റ് എൻക്വയറിക്ക് (9/26.11.24) മറുപടിയായി തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-33 മാലിന്യ സംസ്കരണം -ഹരിത കർമ്മസേനയിലൂടെ അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ്, 1-ാം ഉപവകുപ്പ്, 3-ാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിക്കുന്നതിനും പരിസ്ഥിതിയ്ക്ക് ഹാനികരമല്ലാത്ത രീതിയിൽ പരിപാലിക്കുന്നതിനുമായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ. (ആർ.ടി.) നം.1496/2020 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഹരിതകർമ്മസേനകൾ

രൂപീകരിച്ചിട്ടുണ്ട്. തൃക്കൂർ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനപുരോഗതി സംബന്ധിച്ച നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ആകെ ജനസംഖ്യ | 30245 |
| വാർഡുകളുടെ എണ്ണം | 17 |
| ആകെ ആൾതാമസമുള്ള വീടുകളുടെ എണ്ണം | 7849 |
| സ്ഥാപനങ്ങളുടെ എണ്ണം | 763 |
| ഹരിത കർമ്മസേനയിലെ അംഗങ്ങളുടെ എണ്ണം | 20 |

2. മാലിന്യ ശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി ശുചിത്വ മിഷൻ നിർദ്ദേശ പ്രകാരമുള്ള കലണ്ടർ മുൻകൂട്ടി തയ്യാറാക്കിയിട്ടില്ല. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)യു ടെ സ്ഥലപരിമിതി മൂലം മാലിന്യ ശേഖരണത്തിൽ ഷെഡ്യൂൾ തയ്യാറാക്കി പാലിക്കാൻ സാധിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളെയും ഭവനങ്ങളെയും വാതിൽപ്പടി മാലിന്യ ശേഖരണത്തിൽ പങ്കാളികളാക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനായി ഗൃഹസന്ദർശനം, നോട്ടീസ് വിതരണം മുതലായ പ്രവർത്തനങ്ങൾ മുഖേന നിരന്തരമായ ബോധവത്ക്കരണ നടത്തുന്നുണ്ട്. ഗ്രീൻകാർഡ് നിർബന്ധമാക്കിയിട്ടുണ്ട്.

3. മാലിന്യ വേർതിരിവ് പാലിക്കൽ

അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിക്കുന്നുണ്ടെന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. 2023-24ൽ വാതിൽപ്പടി ശേഖരണത്തിലൂടെ 32320.010 കി.ഗ്രാം മാലിന്യം ശേഖരിച്ചതിൽ 16542.110 കി.ഗ്രാം മാലിന്യം മാത്രമാണ് വേർതിരിച്ച് കരാർ കമ്പനിയ്ക്ക് കൈമാറിയിട്ടുള്ളത്. ബാക്കി 15777.900 കി.ഗ്രാം മാലിന്യം തരംതിരിക്കാതെയാണ് കൈമാറിയിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് ഫണ്ടുപയോഗിച്ച് നിർമ്മിച്ച എസ്.സി. വെൽഫെയർ സെന്ററിന്റെ കെട്ടിടത്തിലാണ് മാലിന്യം വേർതിരിക്കുന്നതിനു പ്രധാനമായും ഉപയോഗിക്കുന്നത്. എം.സി.എഫിന്റെ സ്ഥലപരിമിതി മാലിന്യ വേർതിരിവിന് വളരെയധികം തടസ്സം സൃഷ്ടിക്കുന്നുണ്ട്.



4. റീ സൈക്ലിംഗ്

വിവിധ പ്രചാരണ പ്രവർത്തനങ്ങളിലൂടെ പുനരുപയോഗസാദ്ധ്യമായ വസ്തുക്കൾ ഉപയോഗിക്കുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. സ്കൂൾ, മറ്റു സ്ഥാപന തലങ്ങളിലുള്ള ബോധവല്ക്കരണം, സ്ക്വാഡ് പരിശോധന എന്നിവയിലൂടെയാണ് ഇത് സാധ്യമാകുന്നത്.

5. കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണ രീതികളെപ്പറ്റി പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിനായി 38-ഓളം ക്യാമ്പയിനുകൾ/ബോധവല്ക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. കൂടാതെ വാതിൽപ്പടിശേഖരണം, മാലിന്യസംസ്കരണവും ഉപാധികളും, ശിക്ഷാനടപടികളും സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്.

6. തൊഴിൽ സൃഷ്ടിക്കൽ

2023-24 വർഷം ഹരിത സേനാംഗങ്ങൾക്കായി 3905 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും വേതനമിനത്തിൽ 17,50,283 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 20 ഹരിതസേനാംഗങ്ങൾക്ക് ശരാശരി പ്രതിമാസ വേതനമായി 10,000 രൂപയാണ് ലഭിക്കുന്നത്. സേനാംഗങ്ങളുടെ വരുമാന വർദ്ധനവിനായി ജൈവവളം ഉത്പാദിപ്പിക്കുന്ന സംരഭങ്ങൾ/സ്വാപ്പ് ഷോപ്പുകൾ മുതലായ സംവിധാനങ്ങളൊന്നും ഗ്രാമ പഞ്ചായത്തിൽ നിലവിലില്ല. ഹരിത സേനാംഗങ്ങൾക്ക് വേതനം നല്കുന്നതിനായി വയബിലിറ്റി ഗ്യാപ്പ്ഫണ്ട് ഉപയോഗിക്കുന്നില്ല.

7. അടിസ്ഥാന സൗകര്യ വികസനം

സ.ഉ (സാധാ) നം. 1068/2023/തസ്വഭവ തിയ്യതി 20.05.2023 പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തിലും M.C.F, വാർഡുകളിൽ മിനി M.C.F, ബ്ലോക്ക്/മുനിസിപ്പൽ തലത്തിൽ R.R.F എന്നിവ വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ എം.സി.എഫ്. സ്ഥല സൗകര്യം വളരെ പരിമിതമാണ്. ശേഖരിച്ച മാലിന്യം മിനി എം.സി.എഫുകളിൽ നിന്ന് M.C.Fകളിൽ എത്തിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ

ഉടമസ്ഥതയിലുള്ള ഇലക്ട്രിക് വാഹനം ഉപയോഗിച്ചു വരുന്നു. നിലവിൽ ഹരിതകർമ്മസേനയിലെ അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി വരുന്നതായി അറിയിച്ചിട്ടുണ്ട്. വാതിൽപ്പടിസേവനം ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേനയാണ് നടത്തുന്നതിന് ക്യൂ.ആർ. കോഡ് പതിപ്പിച്ചിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് മാസ്ക്, തൊപ്പി, യൂണിഫോം, ഗംബൂട്ട്, സാനിറ്റൈസർ മുതലായ സുരക്ഷാ ഉപാധികൾ ലഭ്യമാക്കിയിട്ടുണ്ട്.

മാലിന്യ സംസ്കരണാർത്ഥം പൊതുസംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. മാലിന്യ സംസ്കരണത്തിനായി 2024 ജനവരി മുതൽ ക്ലീൻ കേരളയെ സഹായസ്ഥാപനമായി നിയോഗിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ആകെ 7,66,630 രൂപ ചെലവഴിച്ചിട്ടുണ്ട്.





വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | തുക |
|---|---|---|---|
| 1 | 270/24 | ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | ₹204900 |
| 2. | 33/24 | ലൈഫ് ഭവനങ്ങൾക്ക് ടോയ്‌ലറ്റ് പദ്ധതി | ₹228000 |
| 3. | 92/24 | റെട്രോഫിറ്റിംഗ് | ₹120880 |
| 4. | 175/24 | റെട്രോഫിറ്റിംഗ് | ₹30000 |
| 5. | 330/24 | ബൊക്കാഷി ബക്കറ്റ് വിതരണം | ₹142000 |

| | | | |
|---|---|---|---|
| 6 | 340/24 | യൂസർ ഫീസിൽ നിന്നും ഇളവ് നല്കിയ വീടുകൾക്കുള്ള തുക | ₹40850 |

8. പാരിസ്ഥിതിക ആഘാതം

മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനായി വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം മാലിന്യ ചട്ടലംഘനവുമായി ബന്ധപ്പെട്ട് 26 പരാതി ലഭിച്ചിട്ടുണ്ട്. 48 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 17 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷം ആകെ പിഴയിനത്തിൽ 112500 രൂപ ഈടാക്കിയിട്ടുണ്ട്.

9. പരിശീലനവും വികസനവും

മാലിന്യം തരംതിരിക്കൽ, രജിസ്റ്ററുകളുടെ അനിവാര്യത, ജനങ്ങളോടുള്ള പെരുമാറ്റം എന്നിവയുമായി ബന്ധപ്പെട്ട 5 പരിശീലനങ്ങൾ കില, ഐ. ആർ. റ്റി. സി, ശുചിത്വമിഷൻ എന്നിവയിൽ നിന്ന് ഹരിത കർമ്മ സേനാംഗങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

10. നിയമങ്ങൾ പാലിക്കൽ

2016ലെ ഖരമാലിന്യ ചട്ടങ്ങൾ, ആപത്ക്കരമായ മാലിന്യം, ബയോ മെഡിക്കൽ മാലിന്യം എന്നിവയുടെ ശേഖരണവും സംഭരണവുമായി ബന്ധപ്പെട്ട 16.05.2022ലെ സ.ഉ.(സാധാ) നം. 1227/22/LSGD ഉത്തരവ്, പൊതുയിടങ്ങളിലേയും ജല സ്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്